# ROOTS

Newsletter of Alumni Association of NSSCE

VOL 5 ISSUE 2 MAR 2025

## This issue:

Activities Page 02

News from Chapters Page 03

Articles/ Memoirs Page 06

Alumni Achievemnets Page 14

@NSSCE Page 20

### VISION OF OUR COLLEGE

"To achieve excellence in technical education through determined learning and research inculcating values and shaping socially responsible professionals."

### MISSION OF OUR COLLEGE

"1. To impart technical competence to face present & emerging challenges towards building sustainable and quality living.

2. To inculcate spirit of research, innovation and entrepreneurship through decisive learning

3. To foster a culture conducive to well-being of society through ethical and professional practice."

## Message

Dear Alumni of our college,

The first one-third of my professional career, in my twenties and first half of thirties, was in our college. Those few, who happen to remember me would remember a hotheaded, self-styled-rebel, whose interest in arts was a notch more than that in Soil Mechanics. But, there is no denying the fact that I grew with all my students who passed through the corridors of our alma mater. The remaining two- thirds of my career, when I grew my wings, was built on the solid foundation laid by the first one-third.

I am sure that, just like me, the love you feel for your alma mater, is the bye-product of your experiences in adult life. Many of you might not have learnt anything but the rudiments of engineering from the college. But, those rudiments, just like the multiplication tables we learnt in the primary school, have kept us in good stead throughout our life. That is why we still look back with fondness on the fun and frolic we had at the institution.

Some of you have retired after illustrious careers, some are still there, bending men and materials to your will. Wherever you are, whichever ports, life have taken you to, my only wish is that, you give back plenty to the generations that follow us. The knowledge we gained through hard work through the years, should not simply go to grave with us. Please do not think that you did not do or achieve anything significant. Every day of our life was and is significant. Every project that we completed is in itself a story. Only we know that. Share it with others. The tradition of storytelling has been there in our midst from time immemorial. Please make use of ROOTS to tell your story. That will be the story of our alma mater also.



**Prof. K. Rajasekharan**
**(Rtd. Faculty, Dept. of Civil Engineering, NSSCE)**

**We solicit literary contributions from NSSCE alumni, faculty and students for the bimonthly newsletter published by AANSSCE. The articles in the form of poems, short stories, travelogues or cartoons may be mailed to secretarynssccealumni@gmail.com**

# RECENT ACTIVITIES OF THE ASSOCIATION




**Dr. K. Geetha** (Formerly Principal, NSSCE), interacted & shared her experience at NSSCE on 08th February, 2025.




The musical event DHWANI-14 was conducted on 15th February, 2025. The event was a tribute to P. Jayachandran and focused on the sweet memories of his songs.

## Down the memory lane...



Victorious Team NSSCE-79-80 With the Trophy, which we're winners of the Palghat Senior Division Cricket League Championship defeating Kavitha Cricket Club@GVC grounds. Palghat. Along with Prof. MVKGupthanNair, Sir.(The then Physical Education Director) -Victorious team NSSCE lead by Er. C. K. Ravi (1976-81 batch)

# NEWS FROM CHAPTERS

## From Palakkad Chapter (PALMNEST)











The PALMNEST, Alumni Association of Palakkad Chapter, celebrated its New Year gathering with great enthusiasm and camaraderie, featuring a variety of cultural performances, games, and a sumptuous dinner. The evening began with a joyous cake-cutting ceremony led by Principal of NSSCE Dr. Rajeev N., President of Alumni association Dr. Sri Mahadevan Pillai, Secretary of Alumni Association Dr. Vasanthi V. and President, Secretary and Treasurer of PALMNEST Dr. Umadevi P.P. and Er. Usha R. Menon and Er. Girikumar. The meeting also honored distinguished alumni member Dr. Venugopal N. for his latest patent and immediate past President and Secretary of the chapter Prasad Mathew and Ajith Mohan for their valuable contributions. Grand cultural events showcasing the immense talent of the PALMNEST family was also held.

## From UAE Chapter











NSSCE UAE alumni family get together 2025.

# BATCH GET-TOGETHER








1971 batch of NSSCE reunion at Green Planet Hotel, Mattannur, Kannur on 21st to 23rd January 2025.




1961 -1966 batch family get-together on 16th February, 2025 at Kannur.

# കാണാപ്പുറങ്ങൾ

പാലക്കാട് എൻ എസ് എസ് എൻജിനീയറിംഗ് കോളേജിലെ പൂർവ വിദ്യാർത്ഥി സംഘടനയുടെ വാർഷിക ജനറൽ ബോഡി മീറ്റിംഗ് എല്ലാ വർഷവും നവംബർ മാസം രണ്ടാമത്തെ ഞായറാഴ്ച നടത്താറുണ്ട്. ആദ്യമൊക്കെ വളരെ കുറച്ചു പേർ മാത്രമേ വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തിരുന്നുള്ളു. സൂപ്പർ സീനിയർസ് ആയ അറുപഞ്ചു മുതൽ എഴുപതു വരെയുള്ള ബാച്ചുകളിൽ നിന്നും പഠിച്ചു പുറത്തിറങ്ങിയവരിൽ തുടങ്ങി, വർഷംതോറും മൂന്നോ നാലോ ബാച്ചുകാരെ, പ്രത്യേകം ക്ഷണിച്ചു ആദരവ് കൊടുത്തു തുടങ്ങിയത്, കഴിഞ്ഞ നാലഞ്ചു കൊല്ലമായിട്ടാണ്.  ഈ ഒരു തീരുമാനത്തിന് ശേഷം മീറ്റിംഗിലെ അംഗസംഖ്യ നന്നായി ഉയർന്നു. അന്നേ ദിവസം വരുന്ന പ്രത്യേകം ക്ഷണിക്കപ്പെട്ട ബാച്ചുകാർ, പഴയ സഹപാഠികളോടൊപ്പം നല്ലൊരു ദിവസം ചിലവ് ചെയ്തു,  ഊർജം ഇരട്ടിയാക്കി മടങ്ങി.

ആദ്യ ബാച്ചുമുതൽ, അവസാനം ഇറങ്ങിയതു വരെയുള്ള ബാച്ചുകളിൽ നിന്നും രണ്ടു പ്രതിനിധികളെയും ഉൾക്കൊള്ളിച്ചു കൊണ്ട്, അലുമ്നി എക്സിക്യൂട്ടീവ് കമ്മിറ്റിയും, കോളേജ് പ്രിൻസിപ്പലും അടങ്ങുന്ന ഒരു 'കോർ വാട്ട്സ്ആപ്പ് ഗ്രൂപ്പ്' നാല് വർഷം മുൻപ് തുടങ്ങിയിരുന്നു. കഴിഞ്ഞ വർഷം എല്ലാ ബ്രാഞ്ചിൽ നിന്നും ഉള്ള ബാച്ച് പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രൂപ്പ് ഒന്നുകൂടി വിപുലമാക്കി. ഇപ്പോൾ ഓരോ ബാച്ചിനും അതിനുള്ളിൽ ബ്രാഞ്ചിനും വരെ അവരുടേതായ ഗ്രൂപ്പ് ഉള്ളതുകൊണ്ട് സഹപാഠികൾക്കു, അലുമ്നിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു ഇൻഫർമേഷൻ കൊടുക്കാൻ ഇപ്പോൾ എളുപ്പമുണ്ട്.  ഞങ്ങളുടെ ബാച്ചിനെ കുറിച്ച് പറയുമ്പോൾ, എല്ലാവരെയും ഉൾക്കൊള്ളിച്ചു നൂറ്റി അറുപതു (160) പേരുള്ള ഒരൊറ്റ ഗ്രൂപ്പ് ആണ് ഉള്ളത്. ബ്രാഞ്ച് വകതിരിവൊന്നും ഞങ്ങൾക്കില്ലേ.... ഇനി എങ്ങാനും ആദരവിന് എങ്ങാനും വിളിച്ചാൽ ആഡിറ്റോറിയം നിറഞ്ഞു കവിയും. ഇത്തവണ 1976 മുതൽ 1978 വരെയുള്ള വർഷങ്ങളിൽ പഠിച്ചിറങ്ങിയ ബാച്ചുകളിൽ ഉള്ളവർക്ക് ആയിരുന്നു കുടുംബ സമേതം ജനറൽ ബോഡിയിൽ പങ്കെടുക്കുവാൻ 'സ്പെഷ്യൽ ഇൻവിറ്റേഷൻ'.  ഈ മൂന്നു ബാച്ചുകളുടെയും പ്രതിനിധികൾ, വരുന്നവരുടെ എണ്ണമെടുത്തു, ലിസ്റ്റ് പുതുക്കി, ദിവസവും 'കോർ ഗ്രൂപ്പിൽ' ഉത്സാഹത്തോടെ പോസ്റ്റ് ചെയ്യുന്നത് മീറ്റിംഗിന് വേണ്ടിയുള്ള കാത്തിരിപ്പിന് ആക്കം കൂട്ടി.  ഞാൻ ജോലി ചെയ്യുന്ന കേന്ദ്ര ഗവണ്മെന്റ് സ്ഥാപനത്തിൽ നിന്നും വിരമിച്ച മൂന്നു പേര് ഈ വർഷങ്ങളിലെ ഇലക്ട്രിക്കൽ ബാച്ചിൽ ഉണ്ടായിരുന്നു. അതിൽ, “ജോലിയിൽ നിന്ന് വിരമിച്ചാലും നമ്മൾ പൂർവ വിദ്യാർത്ഥികളായി രതിയെ കോളേജിൽ കാണും” എന്ന് പറയാറുള്ള, 1978 ബാച്ചുകാരനായ എം കൃഷ്ണകുമാർ ഒരു വർഷം മുൻപ് പെട്ടെന്ന് മരണത്തിനു കീഴടങ്ങിയത് ഞാൻ വളരെയധികം ദുഖത്തോടെ ഓർത്തു. വി പി മുരളീധരൻ നായർ 1977 ബാച്ച് ലിസ്റ്റിൽ ഇടംപിടിച്ചിട്ടുണ്ട്. അങ്ങേരുടെ സഹപാഠികളായ പാലക്കാട് ഉള്ള മദന മോഹനൻ, രാംദാസ് എന്നിവർ മൂഖേന അദ്ദേഹം വരുന്ന വിവരം അറിഞ്ഞിരുന്നു. മൂന്നാമത്തേത് 1976 പാസ് ഔട്ട് ശിവശങ്കരൻ, വൈറൽ ഫീവറിന്റെ ക്ഷീണം കാരണം വരുന്നില്ല എന്ന് പറഞ്ഞിരുന്നു. മുൻ കൊല്ലങ്ങളിൽ ആദരിച്ച ബാച്ചുകളിൽ ഒന്നിലും വനിതാ എഞ്ചിനീർമാരെ കണ്ടിട്ടില്ല. എൺപതുകളുടെ തുടക്കം മുതൽ പെൺകുട്ടികൾ നമ്മുടെ കോളേജിൽ പഠിച്ചിരുന്നത് അറിയാം. ഇത്തവണ 77 & 78 ബാച്ചുകളുടെ ലിസ്റ്റിൽ ചില വനിതകളുടെ പേര് കണ്ട സന്തോഷത്തിൽ ആയിരുന്നു ഞാൻ.

2024 നവംബർ 10 ഞായറാഴ്ച കോളേജ് ഓഡിറ്റോറിയം ആണ് ലൊക്കേഷൻ. ജനറൽ ബോഡി മീറ്റിംഗിന്, പതിവ്പോലെ പൂർവ വിദ്യാർത്ഥികൾ ആയ ഞാനും, സൂപ്പർ സീനിയർ എന്റെ അമ്മാവനും കോളേജ് ഓഡിറ്റോറിയത്തിന് മുൻവശത്തു ഇരിക്കുന്ന രജിസ്റ്ററിൽ പേരും വർഷവും മറ്റും എഴുതി ഫീസ് കൊടുത്ത് രജിസ്റ്റർ ചെയ്തു. 'സ്പെഷ്യൽ ഇൻവിറ്റേഷൻ' ഉള്ള ബാച്ചുകാർക്കു വേറെ സ്ഥലത്തു ഫ്രീ രജിസ്ട്രേഷൻ ഉണ്ട്. മുൻവശത്തു തന്നെ കണ്ടവരോടെല്ലാം പരിചയം പുതുക്കി അകത്തേക്ക് കടന്നു. അത്യാവശ്യം തിരക്ക് ഉണ്ട്. അധികം പേരും ഫുഡ്കൗണ്ടറിൽ നിന്നും ചായയും വടയും കഴിച്ചു റെഡി ആവുകയാണ്. കൂടെ ഐസ്ബ്രേക്കിങ്ങും നടക്കുന്നുണ്ട്. ഏകദേശം 48 വർഷങ്ങൾക്കു മുൻപേ കോളേജിന്റെ പടി ഇറങ്ങിയവർ. പാലക്കാടും പരിസരത്തും ഉള്ള ചിലരൊക്കെ വീണ്ടും കോളേജ് കണ്ടിട്ടുണ്ടെങ്കിലും, പഠനത്തിന് ശേഷം ആദ്യമായി അങ്ങോട്ട് വന്നവരായിരുന്നു ഭൂരിപക്ഷവും. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും, ഞങ്ങളെപ്പോലെ ചില സ്ഥിരം പങ്കാളികളും ഒഴിച്ചാൽ ബാക്കി, ആ മൂന്നു സ്പെഷ്യൽ ബാച്ചുകാരുടെയും കുടുംബത്തിന്റെയും തിരക്കുതന്നെയായിരുന്നു.  മുൻ നിരയിൽ മൊത്തം പുരുഷ കേസരികൾ നിരന്നിരുന്നു. കുറച്ചുപേർ അന്നത്തെ യുവാക്കളെപ്പോലെ തുറന്നു ചിരിച്ചു സംസാരിച്ചു ഇരിപ്പുണ്ട്. മറ്റു ചിലർ വളരെ ഗൗരവത്തിൽ ഏതോ ഒഫീഷ്യൽ മീറ്റിംഗിനു വന്നവരെപ്പോലെ മസിൽ പിടിച്ചിരിക്കുന്നു. ഇടതുഭാഗത്തു രണ്ടാമത്തെ വരിയിൽ ഇരുന്ന വി പി മുരളീധരൻ നായരോട് അടുത്ത് പോയി കുശലം അന്വേഷിച്ചു.



കണ്ടിട്ട് ഇരുപതു വർഷത്തിൽ ഏറെ ആയതു കൊണ്ട് അങ്ങേരെ കണ്ടുപിടിക്കാൻ കുറച്ചു നടക്കേണ്ടി വന്നു. മദന മോഹനനും, രാമദാസും അടുത്ത് മുൻ നിരയിൽ തന്നെ പതിവ് ഉത്സാഹത്തോടെ ഇരിപ്പുണ്ട്. അവിടെ മറ്റാരെയും പരിചയം തോന്നിയില്ല. നാലാമത്തെ വരി മുതൽ, കുറച്ചു ലേഡീസ് ഇരിക്കുന്നു. പതുക്കെ അവരുടെ അടുത്തായി ഇരുന്നു, പരിചയപ്പെട്ടു വിവരങ്ങൾ അന്വേഷിച്ചു. "ഞങ്ങളുടെ ഭർത്താക്കന്മാർ ആണ് ഇവിടെ പഠിച്ചത്. നിങ്ങൾ അന്വേഷിച്ച നാലുപേർ ഏറ്റവും പുറകിൽ ഇരിപ്പുണ്ട്". ഒന്ന് രണ്ടു തവണ തിരിഞ്ഞു നോക്കിയെങ്കിലും ഒരു പരിചയവും ഇല്ലാത്ത അവരെ ഫാമിലീസിന്റെ ഇടയിൽ നിന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.  എന്റെ മുന്നിലെ വരിയിൽ ഇരുന്ന 1976 കാരൻ ജോർജ് ജോൺ, ഫോൺ കയ്യിൽ കൊടുത്തു ഫോട്ടോ എടുക്കാൻ ആളെ തപ്പുന്നത് കണ്ടു, ഞാൻ സഹായിക്കാൻ തീർച്ചയാക്കി ആ ദൗത്യം ഏറ്റെടുത്തു. ഫോട്ടോസ് എടുത്ത്, അന്ന് വരാത്തവർക്ക് വേണ്ടി പെട്ടെന്ന് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്ന ആ ഒരു 'ത്രില്ല്' എനിക്കും അറിയാമല്ലോ.  അധികം വൈകാതെ മീറ്റിംഗ് തുടങ്ങി. എക്സിക്യൂട്ടീവ് കമ്മിറ്റീയുടെ ഔപചാരികമായ ദൗത്യങ്ങൾ കഴിഞ്ഞു.  അടുത്തത് ഓരോ വർഷത്തെയും ബ്രാഞ്ച് തിരിച്ചു, പേര് വിളിച്ചു ആദരിക്കുന്ന ചടങ്ങാണ്. 1977 ൽ പുറത്തിറങ്ങിയ സിവിൽ ബാച്ച് എന്ന് പറഞ്ഞപ്പോഴാണ് ഞാൻ തേടി കൊണ്ടിരുന്ന ചേച്ചിമാർ സൂസൻ, ശ്രീദേവി, മോളി & സെൻ ജോൺ ഓരോരുത്തരായി അവസാനത്തെ വരിയിൽ നിന്നും പതുക്കെ എഴുന്നേറ്റു വന്നത്. ഏകദേശം നാല്പത്തേഴ് വർഷം മുൻപേ നമ്മുടെ കോളേജിൽ നിന്നും പഠിച്ചിറങ്ങിയ ആദ്യ ബാച്ച് വനിതാ എഞ്ചിനീയർമാർ.  പഴയ കോളേജ് സ്റ്റൈൽ തന്നെ, അന്നത്തെ കോട്ടൺ സാരിക്ക് പകരം, ഭംഗിയിൽ സിൽക്ക് സാരിയുടുത്തു, പ്രായത്തിനൊപ്പം എന്നപോലെ കണ്ണടയിട്ടു നടന്നു നീങ്ങുന്ന ഓരോരുത്തരെയും കണ്ടപ്പോൾ എന്തോ എന്റെ കണ്ണുകൾ നിറഞ്ഞു.  അവരുടെ പാസ്ഔട്ട് കഴിഞ്ഞു പത്തു വർഷത്തിന് ശേഷം പുറത്തിറങ്ങിയ എന്റെ ബാച്ചിലെ പെൺകുട്ടികൾക്കു എഞ്ചിനീയറിംഗ് കോളേജ് ജീവിതം പ്രത്യേകിച്ച് ലേഡീസ് ഹോസ്റ്റൽ ജീവിതം അത്ര എളുപ്പമായിരുന്നില്ല എന്ന് തുറന്നു ചർച്ച ചെയ്തത് ഈയിടെയും കേട്ടിരുന്നു.  കൂടാതെ ഞങ്ങൾ പുറത്തിറങ്ങിയതിനു ശേഷവും കണ്ടിട്ടുണ്ട് "ലേഡീസ് നീഡ് നോട്ട് അപ്ലൈ" എന്ന അടിക്കുറിപ്പിൽ എഞ്ചിനീയർ മാർക്ക് വേണ്ടിയുള്ള പ്രൈവറ്റ് കമ്പനി പരസ്യങ്ങൾ! സർക്കാർ സ്ഥാപനങ്ങളിൽ ആണെങ്കിൽ നിയമനം വളരെ കുറവ്. വനിതാ എഞ്ചിനീയർമാർക്കു നാട്ടിൽ ഒരു ജോലി കിട്ടുക എന്നത് അന്നൊരു സ്വപ്നം പോലെ. കുറച്ചുപേർ അന്നൊക്കെ കല്യാണം കഴിച്ചു കേരളത്തിന് പുറത്തു പോവുന്നത് ഒരു ജോലി കൂടെ മനസ്സിൽ കണ്ടുകൊണ്ടായിരുന്നു എന്നതൊരു നഗ്ന സത്യം. ഇതുപോലുള്ള കടമ്പകൾ എല്ലാം ഞങ്ങൾക്കും വളരെ മുൻപേ തരണം ചെയ്ത്, ജോലിചെയ്തു, വിരമിച്ചു, വിശ്രമ ജീവിതം നയിക്കുന്ന എന്റെ കോളേജിലെ ആദ്യ വനിതാ രത്നങ്ങൾ!

കോളേജിൽ നിന്നും വിരമിച്ച മുരാരി സാറുടെ സഹപാഠികൾ ആയ, സിവിൽ ബാച്ചിൽ നിന്നും വന്ന പതിനാലു പേരിൽ, നാല് വനിതകളും സ്ഥാനം പിടിച്ചിരിന്നു. ഇവരെ കൊണ്ടുവന്ന പ്രതിനിധി നമ്മുടെ മുരാരി സാറിന് പ്രത്യേകം നന്ദി. പ്രിൻസിപ്പൽ ഡോക്ടർ രാജീവിനും, അലുംനി പ്രസിഡന്റ് ആയ ശ്രീ മഹാദേവൻ പിള്ളയ്ക്കും, സീനിയർ ഉമയ്ക്കും ഒപ്പമുള്ള അവരുടെയും പടം ഞാൻ പ്രത്യേകം പിടിച്ചു.

ഗ്രൂപ്പ് ഫോട്ടോ സെഷന് ഇടയിൽ പതുക്കെ അവരോടു സംസാരിക്കണം എന്ന് കരുതി, സൂസൻ ചേച്ചിയെയാണ് ആദ്യം പരിചയപ്പെട്ടത്. അവർ തന്നെ മറ്റുരണ്ടു പേരേയും 'ശ്രീദേവിയും സെൻജോണും' വിളിച്ചു പരിചയപ്പെടുത്തി തന്നു. അവിടുത്തെ ഫോട്ടോ ബഹളത്തിനിടയിൽ, വിളിച്ചപ്പോൾ കേൾക്കാത പോയ മോളി ചേച്ചിയെ നോക്കി തമാശയായി പറഞ്ഞു "വയസ്സായില്ലേ അവൾക്കു ചെവി കേൾക്കാൻ പാടില്ലെന്ന് തോന്നുന്നു" ആ ബഹളത്തിൽ ആർക്കും ഒന്നും കേൾക്കുന്നില്ലായിരുന്നു. ഗ്രൂപ്പ് ഫോട്ടോ തിരക്കുകൾ കഴിഞ്ഞു ഞാൻ അവരുടെ മാത്രം ഫോട്ടോ എടുക്കാൻ പാകത്തിൽ നാല് കസേരകൾ ഇട്ടു കൊടുത്തു. അവർ ഇരുന്ന ഉടനെ, അവരുടെ സഹപാഠി ഏട്ടന്മാർ പിന്നാലെ വന്നു പോസ് ചെയ്തു നിന്നു. വളരെ അഭിമാന പൂർവം അവർ പറഞ്ഞു "ഇതെയ്, നമ്മുടെ കോളേജിലെ ഫസ്റ്റ് ലേഡി ബാച്ചിനു വന്നവരുടെ ഫോട്ടോയാണ് ആ കുട്ടി എടുക്കുന്നത്. വേണെങ്കിൽ നിന്നോ" . ചിരിച്ചു കൊണ്ട് ഏട്ടന്മാർ എല്ലാം മാറി നിന്ന ശേഷം ഞാൻ ഫോട്ടോ മൊബൈലിൽ പകർത്തി.



തിരിഞ്ഞു നോക്കുമ്പോൾ ഒരു ചെറിയ ഗ്രൂപ്പ് ഫോട്ടോ സെഷൻ അലുംനി സെക്രട്ടറി വാസന്തിയുടെ സംവിധാനത്തിൽ നടക്കുന്നു. അവസാനം പുറത്തിറങ്ങിയ 2024 ബാച്ച് അലുംനി കുട്ടികൾ, അവിടെവന്നതിൽ ഏറ്റവും മുതിന്ന പൂർവ വിദ്യാർഥിയോടൊപ്പം അണിനിരന്നു ഫോട്ടോ എടുപ്പിക്കുകയാണ്. കുട്ടികൾക്ക് നടുവിൽ നിൽക്കുന്ന 'സി രാധാകൃഷ്ണൻ' എന്ന 1966 ബാച്ച് പാസ്ഔട്ട് സൂപ്പർ സീനിയർ... എന്റെ അമ്മാവൻ. ആ ഫോട്ടോ കൗതുകത്തോടെ ഞാനും ഒന്ന് മൊബൈലിൽ പകർത്തി.

കുറച്ചു ദിവസം കഴിഞ്ഞു സൂസൻ ചേച്ചിയോട് വിളിച്ചു സംസാരിച്ചിരുന്നു. അവർ തമിഴ് നാട്ടിൽ പൊതുമരാമത്തു വകുപ്പിൽ നിന്ന് റിട്ടയർ ആയി, ഇപ്പോൾ ചെന്നൈയിൽ സെറ്റിൽഡ് ആണ്. മോളിച്ചേച്ചി അമേരിക്കയിൽ ആണ് സ്ഥിരതാമസം. മറ്റു രണ്ടുപേർ കേരള പൊതുമരാമത്ത്, കേരള ഭവന നിർമാണ ബോർഡ് എന്നീ മേഖലയിൽ നിന്നും റിട്ടയർ ചെയ്തു എറണാകുളത്തു സെറ്റിൽഡ് ആണത്രേ. '"ഞങ്ങൾ നാലുപേർ സിവിലിലും, അതേപോലെ നാല് പേർ ഇലക്ട്രിക്കലിലും ഉണ്ടായിരുന്നു. അവർ ആദരവിന് വന്നില്ല. ഞങ്ങൾ ഇപ്പോഴും ഗ്രൂപ്പുവഴി കോണ്ടാക്ടിൽ ഉള്ളത് കൊണ്ട് അവിടെ വന്നു സന്തോഷത്തിൽ പങ്കെടുത്തു എല്ലാവരെയും കണ്ടു മടങ്ങി". അവരുടെ സംസാരത്തിൽ ഒരു പ്രത്യേക ഉണർവ് ഉണ്ടായിരുന്നുവോ.....

എന്റെ ബാച്ചിലെ കുറച്ചു വനിതകൾ, ഇതേ ദിവസം കോളേജിൽ ഒരു ഫ്ലയിങ്വിസിറ്റ് നടത്തി, അവിടെയുള്ള മുത്തശ്ശി ആലിന്റെ ചുവട്ടിൽ ഇരുന്നു, ആൺകുട്ടികളുടെ ഹോസ്റ്റലിൽ നിന്നും വരുന്ന ഒരു വിദ്യാർത്ഥിയെ വിളിച്ചു, ഒരു ഫോട്ടോയും എടുപ്പിച്ചു. അവിടെ നിന്ന് എഴുന്നേൽക്കാൻ തോന്നിയില്ലെങ്കിലും, അവർക്കു മറ്റൊരു പരിപാടി കൂടെ ആ ദിവസം ഉള്ളതുകൊണ്ട് പെട്ടെന്ന് തന്നെ തിരിച്ചു പോകേണ്ടി വന്നു. കോളേജിൽ പഠിക്കുന്ന കാലത്തു, സീനിയർസ് കൂട്ടമായി ഇരിക്കാറുള്ള ഇടമാണ് മുത്തശ്ശി ആൽമരവും പരിസരവും. ഞങ്ങൾ പഠിക്കുമ്പോൾ പ്രത്യേകിച്ച് ഒന്നാം വർഷം, അങ്ങോട്ട് നോക്കുക പോലും ചെയ്യാതെ വർക്ക്ഷോപ്പിലേക്കു 'ബ്രിസ്ക് വാക്' ചെയ്തു പോയിരുന്ന സീൻ ആലോചിച്ചു ഒരു ചെറുപുഞ്ചിരി പതുക്കെ പുറത്തുവന്നു. അവസാന വർഷം, കോളേജിൽ നിന്നും പോവാറായപ്പോഴാണ് ഞങ്ങൾ ആൽ മരത്തിനടുത്തേക്ക് പോയിട്ടുള്ളത് തന്നെ. എഴുപത്തി നാലു കൊല്ലത്തോളമായി പല കാഴ്ച്ചകൾക്കും മൂകസാക്ഷിയായി പടർന്നു പന്തലിച്ചു നിൽക്കുന്ന മുത്തശ്ശി ആലുമരം. ജീവിതത്തിലെ നല്ല പ്രായമായ യൗവനത്തിൽ, നാലോ അഞ്ചോ വർഷങ്ങൾ ചിലവഴിച്ച ഇടം. അന്ന് തോന്നിയ ശരികളും, തെറ്റുകളും, കയ്പ്പും മധുരവും നിറഞ്ഞ അനുഭവങ്ങളും, സന്തോഷവും സങ്കടവും, എല്ലാം ചേർന്നു മൊത്തത്തിൽ 'നൊസ്റ്റാൾജിയ' യുടെ വേലിയേറ്റം. ഇന്നും ആ പരിസരത്തു നിൽക്കുമ്പോൾ നമ്മൾ പ്രായം മറക്കുന്നു.







**രതി നായർ, ബെംഗളൂരു.**
**(1982 -86 ഇലക്ട്രിക്കൽ ബ്രാഞ്ച്)**

# ആൽ മരത്തണലിൽ
## (Back to the Roots)

The NSS College of Engineering (NSSCE) Civil 2004-08 batch hosted an unforgettable get-together under the title "Aalmarathanalil, Back to the roots" ("ആൽമരത്തണലിൽ, Back to the roots") on December 28-29th, 2024, in Palakkad. The reunion spanned two days, with the first day at the picturesque Govardhana Samos Resort in Malampuzha and the second day dedicated to a nostalgic college campus tour. Teachers who played pivotal roles in shaping alumni's lives were warmly felicitated. As a token of appreciation, T-shirts were unveiled by the teachers, serving as souvenirs to commemorate the occasion. A touching cake-cutting ceremony, followed by a group photo session, captured the essence of the event, creating lasting memories. The teachers' warmth and affection added a special touch to the celebration, making it even more memorable.

To set a cheerful tone, the reunion featured various cultural activities and games. Alumni, along with their families and children, actively participated, creating an atmosphere of fun and engagement. The cultural programs included dance performances, melodious songs, and a range of entertaining activities that showcased the community's talents. Games were organized to foster a sense of competition and teamwork, with participants divided into teams, adding excitement to the gathering. The first day concluded with endearing moments shared among old friends, rekindling bonds formed during their college days. Day two of the reunion focused on a nostalgic tour of the college campus. Alumni revisited familiar corridors, expansive survey grounds, and state-of-the-art labs where they had spent countless hours learning and growing. A highlight of the day was gathering under the grand Peepal tree, a cherished spot that held many fond memories. This tour allowed everyone to reconnect with the places that shaped their college experience, evoking a sense of nostalgia and pride. The reunion provided a much-anticipated opportunity for alumni to reconnect with old friends, reminisce about the past, and create new memories together, celebrating the enduring spirit of their college days.

















1981ൽ പാലക്കാട് എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ബിരുദം നേടി പുറത്തിറങ്ങിയ സഹപാഠികൾ വീണ്ടും ഒത്തുകൂടി. പഴയ അധ്യാപകരോടൊപ്പം കോളേജ് കാമ്പസിൽ വീണ്ടും കുറച്ചു സമയം ചിലവഴിച്ചത് മറക്കാനാവാത്ത അനുഭവമായി. പങ്കെടുത്തവർക്കെല്ലാം കോളേജിന്റെ ഭാവി സംരംഭങ്ങൾക്ക് ആവുന്നത്ര സഹായങ്ങൾ വാഗ്ദാനം ചെയ്താണ് പഴയ കാല സുഹൃത്തുക്കൾ പിരിഞ്ഞത്. മലമ്പുഴ, കൽപ്പാത്തി, മ്യൂസിയം തുടങ്ങിയ ചരിത്ര പ്രധാനമായ സ്ഥലങ്ങൾ സന്ദർശിച്ചതോടൊപ്പം, batchmates ന്റെ വക വിവിധ ഗാനമേള നൃത്തനൃത്യങ്ങൾ എല്ലാമായി ഈ കൂട്ടുചേരൽ അത്യന്തം ആഹ്ലാദകരവും ഗൃഹാതുരത്വം ഉണർത്തുന്നവയും ആയിരുന്നു.




A meeting of the members of our alumni at Ernakulam, was held on 21st February to revive the Ernakulam alumni chapter.

# REKINDLE 2025 - ഓർമ്മകൾക്കെന്തു സുഗന്ധം


















NSSCE 1981-86 batch Alumni meet “Rekindle 2025” was held on January 26-27th at Lakesong Resort, Kumarakom.

# Celebrating Us... Celebrating NSSCE...

## NSSCE batch of 1995-99

October 4, 1995, was the day, starry eyed, we walked in brimming with confidence, ambition in air. And for next four years we developed, learnt technology, made friends, learnt life away from our parents' nest. December 1999, the atmosphere was mixed, for most of us, that was a time when we did not know where our lives would take us. Life was ready to embrace us, were we ready ? Actually ready or not ready we had to dive in.. Was it easy, well no. was it satisfying – very much. Did you achieve success, the answer depends on the way we measure success. We struggled, learned, unlearned, gained, lost, achieved, matured and here we are more confident, satisfied, and sure of ourselves.

And 25 years passed by... time was right to refresh, reboot our memories. One year of preparation started with contacting all the 300+ batchmates, technology helped, a WhatsApp group was created with all the batchmates. Planning starts, dates, venue formats are decided. Finally on December 28th 2024 all the efforts culminated to the event, an explosion of emotions - mixed emotions - nostalgia, curiosity, a healthy dose of apprehension. Meeting of close friends to almost strangers. Reunion is all about reconnecting with the past, it also invites reflection on how things have changed. The return to NSSCE campus, the place that feels familiar though changed and developed a lot, inevitable as life has made us different too. Also, a return to people who knew us then, but many may now be strangers. The walk-through campus- classrooms, drawing halls portico, canteen, labs, the hostels, grounds all had memories etched, all seemed like yesterday, we still belong here, truth is these are all part of us, we see them in one year or five year or twenty-five years the bond only strengthens. Add to the building and campus we were walking with our same old friends, meeting the same old teachers, we relived the past, these moments gave the feeling that nothing has changed, almost like being stuck in a time time-warp. We had a chance to meet few of the present students also, as part of a program of guiding/feedback from the alumni to students.









The present generation of students were a confident lot, though apprehensions were visible. How we wanted to lay out our whole journey in front of them, our kid juniors, specially marking the pitfalls, time was short and we had to be precise. The mantra is very simple the road ahead is tough but you are in skilled hands and you are being equipped very professionally.

The day proceeded to our next venue Hotel Tripenta, time for some unwinding, raising the toast, cheering up, letting our innate and unknown talents find the audience. A day spent reliving the past, but charging up for many years to follow- we are all set to return again for 30, 35, 40... Celebrating NSSCE... Celebrating Us.



**RAJESH NAIR**
**(1999 Batch Mechanical)**



The Alumni students of the 1965-70 batch (5 years course) along with their wives met at Marmara resort / Kannur club at Payyambalam beach, Kannur between 29th to 31st January, 2025.

# ALUMNI ACHIEVEMENTS








Rethi Nair, 1982-86 batch Electrical, (General Manager, Grid Controller of India) performing Kathakali "Lavanasura Vadham". Proud that she excelled in her career at the same time and pursued her passion, Kathakali as well.




Mr. Anirudh Padmanabhan (Alumnus 2016 - 2020 EEE) Founder of Scriptyl, Screenwriting and Scheduling software was selected as panelist for the Neo Film Republic conclave panel discussion held at Taj Vivanta on January 25, 2025.




We are proud and excited that Jayaprakash (1993 batch) received two state awards at the State Short Film Festival (CSFFK 2024) held in Thiruvananthapuram. Jayaprakash starrer "Chonna Manga" won the Best Actor and Best Film award. This feat was achieved in competition with more than 100 entries from 70 short films.



Dr. P. R. Sreemahadevan Pillai (1978-83), President of Alumni Association received the Outstanding Concrete Engineer Award from the Indian Concrete Institute and Ultratech Cements, at Radisson Blu Hotel, Ernakulam.



Kiran V K (BTech CSE 2007-11, NSSCE), Asst. Professor at Department of Computer Science,, NSSCE has been announced as winner of Computing's Top 30 Early Career Professionals for 2024 by IEEE Computer Society .

# OUR ENTREPRENEURS

## THE SUCCESS STORIES - 07

### MUKUNDAN MENON :



**Executive Director & Head RAC Business, Voltas Limited** (1984 batch Mechanical)

Mr. Mukundan Menon joined Voltas Limited in July 2023 and brings with him a rich experience of over three decades leading organizations in India and overseas. He is known for his experience and expertise covering the entire spectrum of HVAC products namely - Room Air Conditioners, Commercial Air Conditioners and Refrigeration Products. Prior to joining Voltas, Mr. Menon was the President & Chief Operating Officer of Blue Star Limited and Director of Blue Star Climatech Limited, a wholly owned subsidiary of Blue Star. Mr. Menon is also serving as the Vice-President of “Refrigeration and Air Conditioning Manufacturing Association” (RAMA) which represents leading MNC’s as well as Indian companies in this space and is an active member of the Confederation of Indian Industry (CII) India’s premier business association, representing Indian Industry, working with the Government for policy making and nation development. Known for his strategic understanding of the opportunity the Indian market presents and a sharp focus on the Air conditioning and Refrigeration domain, Mr. Menon has a strong connect across the value chain. Given his operational experience across domains including entering new markets, building new product categories and scaling up businesses with a clear long-term strategic vision and exceptional short and mid-term execution capabilities, Mr. Menon has carved a niche for himself as a visionary and an astute leader. On the academic front, Mr. Menon has a B. Tech in Mechanical Engineering, a Graduate Diploma in Management, along with Executive Management programs from IIM (Indian Institute of Management) and has also successfully completed a Leadership Excellence program from INSEAD, France.

RAMA (Refrigeration and Air conditioning Manufacturers Association) is a non-profit association registered under the Societies Registration Act, 1876. RAMA members are major manufacturers of equipment and key components in the Refrigeration and Air conditioning Industry (R&AC) in India. The members are from the leading Indian Groups and MNCs from the USA, Japan, Korea, Europe and China having manufacturing facilities in India.



**മുകുന്ദൻ മേനോൻ റാമ പ്രസിഡന്റ്**

മുംബൈ ▸ റഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിങ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ(റാമ) പ്രസിഡന്റായി മുകുന്ദൻ മേനോൻ തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ വോൾട്ടാസ് ലിമിറ്റഡിൽ എക്സിക്യൂട്ടീവ് ഡയറക്ടറായ മേനോന്റെ നിയമനം രണ്ട് വർഷത്തേക്കാണ്. കഴിഞ്ഞ നാല് വർഷമായി റാമയുടെ വൈസ് പ്രസിഡന്റാണ്. പാലക്കാട് സ്വദേശിയാണ്.

▶ മുകുന്ദൻ മേനോൻ

# “ CAMPUS TIMES ”

മനോഹരമായ ഒരു സായാഹ്നത്തിൽ സ്റ്റേജിനു മുൻപിൽ നിൽക്കുമ്പോൾ ആസ്വദിച്ച ആ മധുര ഗാനം ഇന്നും കാതിൽ അലയടിക്കുന്നു. 1966 ൽ പ്രീഡിഗ്രി രണ്ടാം വർഷം അവസാനിക്കാറായി. വിക്ടോറിയ കോളേജ് വാർഷിക ദിനം. പ്രിയപ്പെട്ട ക്ലാസ്മേറ്റ് അല്ലെങ്കിൽ ഒരു ഗേൾ ഫ്രണ്ട് എന്ന് വിശേഷിപ്പിക്കട്ടെ, മൈക്കിന് മുന്നിൽ ആലപിച്ച ആ ഹിന്ദി ഗാനം. “ആജാ... ആയി ബഹാർ... ദിൽ മേ ബേക്കരാർ.” 1965 ലെ ഒരു ലതാ മങ്കേഷ്കർ ഹിറ്റ് ഗാനം. പ്രണയിതാക്കൾ ക്യാമ്പസ്സിൽ മൂളിപ്പാട്ട് പാടി നടന്ന ഗാനത്തിന്റെ ഈരടികൾ ഇന്നും ഞാൻ ഓർക്കുന്നു. ഇന്ന് ആ സുന്ദരി എവിടെയെന്നറിയില്ല. ഒരു പക്ഷെ പിള്ളേരും പേര കിടാങ്ങളും ഒക്കെ ആയി ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ ജീവിക്കുന്നുണ്ടാകും.

മുഴുവൻ പാട്ടും കേൾക്കും മുൻപേ രണ്ടു മൂന്നു കൂട്ടുകാർ ചേർന്നു എന്നെ ഒരു ബലപ്രയോഗത്തിലൂടെ ഗേറ്റിനു പുറത്തു കൊണ്ടുപോയി. ഒരുപാടു ആസ്വദിക്കണം അല്ലെ ? എങ്കിൽ ഇത് കൂടെ ഒന്ന് പരീക്ഷിച്ചു നോക്ക്. ക്രൂര വിനോദം അല്ലാതെന്തു പറയാൻ ??? ജീവിതത്തിൽ സിഗരറ്റിന്റെ രുചി അറിഞ്ഞതും ആ സായാഹ്നത്തിൽ തന്നെ. ഒരു കവിൾ പുക ഉള്ളിലേക്കു വലിച്ചതും ഒരു കുളിരിടുന്ന അനുഭവം തലച്ചോറിൽ കയറിയിറങ്ങി. ‘കൂൾ’ എന്ന ബ്രാൻഡ് ആണെന്ന് തോന്നുന്നു. കോളേജ് കുമാരന്മാരുടെ പുകവലിയുടെ പ്രാരംഭ പ്രവേശം ‘കൂൾ’ എന്ന ബ്രാൻഡിലൂടെ എന്നു പിന്നീടറിഞ്ഞു. ഒന്ന് കൈവിട്ടു പോകുമ്പോൾ വേറൊന്നിൽ ചേക്കേറാൻ മനസ്സ് കൊതിച്ച നിമിഷങ്ങൾ, അല്ലെങ്കിൽ പ്രായത്തിന്റെ വികൃതികൾ. എന്തെന്നില്ലാതെ കുറ്റബോധം മനസ്സിനെ വേട്ടയാടി കൊണ്ടിരിന്നു. അച്ഛനമ്മമാരുടെ മുഖത്ത് എങ്ങനെ നോക്കും ? സിഗരറ്റിന്റെ മണം പുറത്തടിച്ചാൽ എന്ത് പറയും. “നീ വിഷമിക്കണ്ട ഒരു വെറ്റില മുറുക്കിയാൽ മതി” സുഹൃത്ത് ഉപദേശിച്ചു. അങ്ങനെ വീട്ടിലേക്കു ചെല്ലും മുൻപേ അതും പരീക്ഷിച്ചു.
നേരം ഒരുപാട് വൈകി. കൂട്ടിനുണ്ടായിരുന്നത് second ഷോ കഴിഞ്ഞു തിരിച്ചു പോകുന്ന ഏതാനും അപരിചിതർ. ഭാഗ്യം എന്നുപറയട്ടെ വീട്ടിൽ കയറുമ്പോഴേക്കും അമ്മ ഉറങ്ങിയിരിക്കുന്നു. രക്ഷപ്പെട്ടു ...!

ഇനി അധ്യയനത്തിലേക്കു കടക്കാം. അടുത്ത ആഴ്ച രണ്ടാം വർഷ പബ്ലിക് പരീക്ഷ. നല്ല മാർക്ക് വാങ്ങിച്ചില്ലെങ്കിൽ REC മോഹം വ്യഥാവിലാകും. പക്ഷെ പഠിത്തത്തിൽ ശ്രദ്ധ കൂടും തോറും മനസ്സിൽ ആ ഈരടികൾ ആവർത്തിച്ചു കൊണ്ടിരിന്നു. “ആജാ, ഹായ് ബഹാർ... ” നഷ്ടപെട്ട ആ വസന്തം ഇനി തിരിച്ചു കിട്ടുമോ ? അവളോട് യാത്ര പറഞ്ഞു പിരിയാൻ ഈ ദുഷ്ടന്മാർ സമ്മതിച്ചില്ലല്ലോ.

ദിവസങ്ങൾ നീങ്ങി. ആ ഗാനം മനസ്സിൽ നിന്നും പതിയെ പതിയെ മാഞ്ഞു പോയി. വേനലവധി കഴിഞ്ഞു റിസൾട്ട് വന്നതും പ്രീഡിഗ്രിയിൽ ഒന്നാം ക്ലാസ്സിൽ പാസ്സായി. എന്ത് കൊണ്ടെന്നറിയില്ല എഞ്ചിനീയറിംഗ് നോട് വലിയ താലപര്യം അന്ന് എനിക്കില്ലായിരുന്നു. പരമാർത്ഥത്തിൽ കൂടുതൽ ആഗ്രഹിച്ചത് മെഡിക്കൽ കോളേജിലെ പ്രവേശനം ആയിരിന്നു. പക്ഷെ ഹയർ സെക്കന്ററി അവസാന പരീക്ഷക്ക് മാത്തമാറ്റിക്സിൽ centum വാങ്ങി സ്കൂളിൽ ഒന്നാമനായ എന്റെ പ്രധാന അദ്ധ്യാപകന്റെ വാക്കുകൾ അച്ഛന് ഒരു വേദ വാക്യമായിരുന്നു. ആ നിഗൂഢ സത്യം തിരിച്ചറിഞ്ഞത് പിന്നീട് അച്ഛന്റെ ഒരു സുഹൃത്തിനോടുള്ള സംഭാഷണ ശകലത്തിലൂടെ മാത്രം. ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥനായ അച്ഛന് വേറെയും മുതിർന്ന രണ്ടു മക്കൾ കോളേജിൽ പഠിക്കുമ്പോൾ ഒരു മെഡിക്കൽ കോളേജിൽ എന്നെ അഡ്മിറ്റ് ചെയ്യുക എന്നത് പ്രായോഗികമല്ലായിരുന്നു.

അത് മറച്ചു പിടിച്ചു എന്റെ Headmaster പറഞ്ഞ ഉപദേശങ്ങൾക്കു വഴങ്ങി എന്നെ പ്രീഡിഗ്രിക്കു ഫസ്റ്റ് ഗ്രൂപ്പിൽ ചേർത്തുകയായിരിന്നു. സാരമില്ല, എഞ്ചിനീറിങ്ങിലും ഉണ്ടല്ലോ ഒരുപാടു ഒരുപാട് അവസരങ്ങൾ. 1966ൽ പ്രീഡിഗ്രിയിൽ ഉന്നത നിലവാരത്തിലുള്ള marks കരസ്തമാക്കിയ എനിക്ക് merit basis ൽ Calicut REC യിൽ അഡ്മിഷൻ ലഭിച്ചു. വീണ്ടും അച്ഛന്റെ ഇംഗിതത്തിന് വഴങ്ങേണ്ട സാഹചര്യം ഉടലെടുത്തു. നായർ സമുദായത്തോടുള്ള അച്ഛന്റെ കടപ്പാട് പാലക്കാട് NSS എഞ്ചിനീയറിംഗ് കോളേജിൽ ചേർന്നു പഠിക്കാൻ എന്നെ നിർബന്ധിതനാക്കി. തന്നെയുമല്ല ഒരു day scholar എന്ന നിലയിൽ hostel താമസത്തേക്കാൾ കിട്ടാവുന്ന സാമ്പത്തിക വശം അച്ഛൻ മുതൽ കൂട്ടായി കണ്ടു. Calicut REC യിൽ എഞ്ചിനീയറിംഗ് പഠിക്കാനുള്ള അവസരം അങ്ങനെ സാക്ഷാൽക്കരിക്കാതെ പോയെന്നുമാത്രം.

1966 ൽ result വന്ന് രണ്ടാഴ്ചക്കുള്ളിൽ തന്നെ പാലക്കാടുള്ള NSS എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം കിട്ടി. ഒരു തീർത്തും വ്യത്യസ്ഥമായ അന്തരീക്ഷമായിരുന്നു NSS ലേതു എന്നു പറയാം. എല്ലാം പഠിപ്പിസ്റ്റുകൾ. റാങ്കും, മാർക്കും മാത്രം ചർച്ച ചെയ്യുന്ന ഒരു കൂട്ടം അഭ്യുദയകാംക്ഷികൾ എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം. Victoria കോളേജിലെ രണ്ടു വർഷത്തെ പ്രീഡിഗ്രി പഠനത്തോട് ഉപമിക്കാൻ പ്രത്യേകിച്ചും പെൺകുട്ടികൾ കുറവായിരുന്ന എഞ്ചിനീയറിംഗ് കോളേജിൽ നഷ്ട സ്വപ്നങ്ങൾ മാത്രം.

പക്ഷെ കാലം മാറി, കഥ മാറി. അന്ന് ക്യാമ്പസ്സിലാണ് പ്രണയം നടന്നതെങ്കിൽ engineering പഠനത്തിനിടെ പ്രണയം ഏറ്റവും നല്ല ഹിന്ദി ചിത്രങ്ങൾ റിലീസാകുന്ന സിനിമ തീയേറ്ററുകളിൽ ആയിരുന്നു. "പ്രണയം എന്നും പ്രണയം തന്നെ..." അത് വ്യത്യസ്ഥ നിറങ്ങളിൽ പ്രക്ത്യക്ഷപ്പെടും എന്നത് വാസ്തവം. മാത്രവുമല്ല എഞ്ചിനീയറിംഗ് കോളേജ് കുമാരന്മാരോട് ആർട്സ് കോളേജ് കുമാരികൾക്കു ഒരു പ്രക്ത്യേക താല്പര്യം ഉണ്ടായിരുന്നുവോ ? അവരും ക്ലാസ്സ് കട്ടടിച്ചു തീയേറ്ററുകളിൽ ഹാജർ, ചുള്ളൻ പിള്ളാരെ ഒരു നോക്കു കാണാൻ.
എഞ്ചിനീയറിംഗ് പഠിത്തത്തിനിടയിൽ പുതിയ സ്വപ്നങ്ങൾ വീണ്ടും ഉടലെടുത്തു. പക്ഷെ അതിന്റെ മനോഹാരിത പൂവണിയും മുൻപേ എനിക്ക് കോഴ്സ് കഴിഞ്ഞു ഉത്തരേന്ത്യയിലെ ഒരു central Government സ്ഥാപനത്തിൽ ജോലിക്കു ചേരാനായി നാട് വിടേണ്ടി വന്നു. SAIL - Rourkela steel plant ൽ All India Level അഡ്മിഷൻ കിട്ടിയതോടെ കോളേജ് ജീവിതത്തിലെ മനോഹരമായ ക്യാമ്പസ് (1966-70) ജീവിതത്തിനു അറുതിയായി. വർഷങ്ങൾ പിന്നിട്ടു. Campus ൽ വീണ്ടും പടി ചവുട്ടുന്ന സമയങ്ങളിൽ എല്ലാം ഒരു നെടുവീർപ്പോടെ ഞാൻ ഓർക്കും. ക്യാമ്പസ് ജീവിതത്തിലെ നഷ്ട്ട സ്വപ്നങ്ങൾ തിരിച്ചു പിടിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു ഹൃദയവുമായി ഞാൻ മുന്നോട്ട്, പങ്കിടാനുള്ള ഒരുപാട് യാഥാർഥ്യങ്ങളുമായി.



**Er. Kochukrishnan**
**(1970 Mechanical)**

# യക്ഷി

ഡോ: രാജൻ പുല്ലങ്ങാട്

അസ്വസ്ഥതകളുടെ കാട് പൂക്കുന്ന
നേരങ്ങളിലൊക്കെയും
നിലവിളിക്കാറുണ്ട് യക്ഷി !
അതിരുകളില്ലാതെ നിശബ്ദത
പൂക്കുന്ന കാട്ടുവഴിയിൽ വെന്തു മരിച്ച
ആത്മാവുമായി നടക്കാറുണ്ടവൾ.

ആൾക്കൂട്ടത്തിൽ പരിഹാസങ്ങളേറ്റ്
തണുത്തുറഞ്ഞ ശിലപോൽ
അന്തരംഗങ്ങളിൽ അന്ധകാരം
നിറച്ചിരിക്കാറുണ്ട് യക്ഷി !
ഉന്മാദത്തിൻ നീലയലയാകാശത്തിൽ ഉയരുമ്പോൾ
ചങ്ങല കൊഞ്ചൽ കേട്ടുറങ്ങിടുവാൻ
ഇരുളിനെ നോക്കി പുഞ്ചിരിക്കാറുണ്ടവൾ.

പാല പൂക്കുന്ന രാവിൽ കാമവെറി
പൂണ്ടവർക്കായി നഗ്നത സത്യമെന്നോതി
കളിയാക്കിച്ചിരിക്കാറുണ്ട് യക്ഷി !
അന്തരംഗങ്ങളിൽ അന്ധകാരം നിറച്ച്
വഴിപോക്കരെ മാടി വിളിക്കാറുണ്ടവൾ.

വെന്തു മരിച്ച നോവിന്റെ നനവിൽ
ആർത്തലയ്ക്കുന്ന ഇന്നലകളുടെ
പെരുമഴത്താളത്തിൽ ചുവട് വെക്കാറുണ്ട് യക്ഷി !
കാലൻ കോഴി കൂവുന്ന യാമങ്ങളിൽ
കണ്ണിൽ ചോര പൂക്കൾ നിറച്ച്
സംഹാര താണ്ഡവ മാടാറുണ്ടവൾ.

കടിയിരുത്തപ്പെട്ട ഭ്രാന്തിന്റെ
ചുട്ടും, ചുതും ചുഴിയും ആർക്കമാർക്കും
ചേതമില്ലാതെ ആസ്വദിക്കാറുണ്ട് യക്ഷി !
അശാന്തിയുടെ ചുഴികളിൽ ആത്മാവ്
നഷ്ട്ടപ്പെടുമ്പോൾ ചിരിയുടെ നിറഭേദങ്ങളാൽ
ഒറ്റ വാക്കിൽ എഴുതിയ കവിതപോൽ
ഒറ്റ ഇരുപ്പിൽ ഉന്മാദിനിയാകാറുണ്ട് യക്ഷി.



**Dr. Rajan Pullanghad,**
**(1981-86 Batch Electrical)**

# @NSSCE


The Patent Office, Government Of India
Patent Certificate
Patent No.
Application No.
Date of Filing
Patentee
It is hereby certified that a patent has been granted to the patentee for an invention entitled SYSTEM AND METHOD FOR IDENTIFYING TYPE II DOMINANCE IN RECTUS FEMORIS MUSCLE OF ASPIRING ATHLETES as disclosed in the above mentioned application for the term of 20 years from the 15th day of April 2023 in accordance with the provisions of the Patents Act, 1970.
Date of Grant
Controller of Patents


## സ്വന്തമാക്കിയത് 19 പേറ്റന്റുകൾ
### പാലക്കാട് എൻ.എസ്.എസ് എൻജിനീയറിങ് കോളജിന് അഭിമാന നിമിഷം

A patent was granted to Remya R. Nair, Divya Sasidharan, Dr. Venugopal & Dr. S Ramakrishnan for the invention System and Method for identifying Type II Dominance in Rectus Femoris Muscle of Aspiring Athletes.



Navaneeth P (S6 EEE) won the First Runner-Up in Epsilon 3.0, an all Kerala Intercollegiate Chess Tournament, in collaboration with Chess Association, Thrissur & Chess club, Crist College.










IEEE VTS chapter of NSSCE recieved Outstanding Student Chapter 2024 award. Anandhu C won the elevating student volunteer award while Outstanding Student volunteer (special mention) awards were won by Nandhana P G and Sooryagayathri M.





Third Deepthi Radhakrishnan memorial endowment scholarship instituted by Electrohuddle (98'-2002 EEE batch ) was handed over to Adarsh A. and Fathimah Riya of Third year EEE for the academic year 24-25 by principal Dr. Rajeev N. in the presence of EEE HOD Dr. Saju N. , and Secretary of Alumni Association Dr. Vasanthi V. The award includes a merit certificate and a cash prize of Rs.10,000 each. Congratulations to the winners..



Swathy Sivadas, Vaishnav P.M., Sangeeth Madhav, Akash M. & Shruthi M. (2024 ECE batch) were the State Level winners of YIP 5.0, under the guidance of Dr. Vijitha S.



Gowripriya Reji, Anna Mariya Benny, Meena C., Adhithya V. Nair (2024 ICE batch) were the State Level winners of YIP 5.0, under the guidance of Nikhil Binoy C. & Vimal P.



Team NSSCE won the APJAKTU zonal cricket title at Vidya academy of science & Technology.



Pranav Prabhakaran of Unit 128 was selected to represent NSS Kerala State Continent in the Republic Day Parade Camp, 2025.

## OBITUARY



K.S. Ramaswamy,
(1984 batch, Mechanical)


## OFFICE BEARERS OF THE NSS COLLEGE OF ENGINEERING ALUMNI ASSOCIATION
## (formed in the AGB held on 10 November 2024)

**President:**
Dr.P.R.Sreemahadevan Pillai (1978-83)

**Working President:**
Dr.Rajeev N. (Principal)

**Secretary:**
Dr.Vasanthi V. (1992-96)

**Jt. Secretary:**
Prof.Murari K. (1973-77)

**Treasurer:**
Prof.Santhosh Kumar S. (1987-91)

**Executive Committee Members:**
1. Er.Usha R.Menon (1982-86)
2. Er.Ajith Mohan P. (1983-87)
3. Er.Raji K.P. (1985-89)
4. Er.Girikumar (1986-90)
5. Dr.Sidharth N. (1996-2000)
6. Dr.Leena N. (1998-02)
7. Dr.Praseeda K.I. (1999-03)
8. Dr.Nisha A.S. (2003-07)

**Chief Editor:** Dr.P.R.Sreemahadevan Pillai

**Editorial Advisor:** Dr.C.K.Subramania Prasad

**Managing Editor:** Dr.Leena N.

**Coordinating Editor:** Athira S.L.

**Editorial board members:**
Dr.Umadevi P.P.
Er.Ajith Mohan P.
Prof.Krishnachandran V.N.
Er.Niranjan T.G.
Er.Lijin N.T.


**CONNECT US**